GOVERNMENT OF KERALA

**Abstract**

Revision of Pension and other related benefits in respect of High Court Pensioners consequent on revision of Pay Scales from 01/07/2019 in accordance with the recommendation of the 11th Pay Revision Commission - Orders issued.

---

**FINANCE (PENSION-B) DEPARTMENT**

**G.O.(P)No.120/2021/Fin. Dated, Thiruvananthapuram, 24/08/2021**

---

Read:-1. G.O(P) No.30/2021/Fin dated 12/02/2021
2. G.O(P) No.35/2021/Fin dated 23/02/2021
3. G.O(P) No.29/2021/Home dated 26/02/2021
4. Circular No.27/2021/Fin dated 19/03/2021
5. G.O(P)No.33/2021/Home dated 26/03/2021
6. Circular No.30/2021/Fin dated 27/03/2021
7. G.O(P)No.80/2021/Fin dated 02/06/2021
8. Circular No.50/2021/Fin dated 02/07/2021
9. Circular No.57/2021/Fin dated 19/07/2021

**ORDER**

As per the recommendations of 11th Pay Revision Commission, Government have issued orders revising existing scales of pay in respect of High Court Staff with effect from 01/07/2019, vide the Government Orders read 3rd and 5th above. In the said Government Orders it has been stated that pension revision order will be issued separately.

2) Government, after having examined the matter in detail and in the light of 11th Pension Revision granted to State Government Employees, are pleased to revise the pension and other retirement benefits for High Court Pensioners subject to the conditions mentioned below:

- Pension shall be revised as per Government Orders read 1st, 2nd & 7th and conditions mentioned in Circulars read 4th, 6th, 8th & 9th shall be made applicable.
- The revised pension/family pension will be granted in cash from 01/09/2021. Pensioners/Family pensioners prior to 01/07/2019 are eligible to draw arrears on account of revision of Pension/Family pension in four installments each at 25% of the arrears, in cash on September 2021, October 2021, November 2021 and December 2021.

- In the case of those who retired on or after 01/07/2019, the arrears of Pension, Family Pension, DCRG and Terminal Surrender will be disbursed as stated above. Arrears on Commutation will be disbursed in a single installment in cash on 01/01/2022.
- In the event of death, the entire arrears on account of revision of Pension/Family pension, DCRG, Commutation and Terminal Surrender as the case may be, not drawn by the pensioner/family pensioner will be paid as lump sum on the date of death, to the nominee/legal heirs of the pensioner/family pensioner.
- Arrears on Medical allowance and Special Care Allowance from 01/04/2021 to 01/08/2021 shall be paid along with September 2021 Pension.
- All the Government Orders/Circulars/Clarifications etc. issued with regards to 11th Pension Revision of State Government Employees will be applicable mutatis mutandis to the High Court Pensioners.

(By order of the Governor)
**RAJESH KUMAR SINGH IAS**
ADDITIONAL CHIEF SECRETARY (FINANCE)

To

The Registrar General, High Court of Kerala, Ernakulam(with C/L)
The Principal Accountant General (A&E), Kerala, Thiruvananthapuram
The Accountant General (Audit-II), Kerala, Thiruvananthapuram
The Additional Chief Secretaries, Home & Finance Department, Government of Kerala.
The Special Secretary to the Chief Secretary.
The Secretary, Law Department.
The Director of Public Relations, Thiruvananthapuram.
The General Administration [SC] Department (vide Item No.190 dated 17.08.2021).
The Home (C) Department
The Director of Treasuries, Thiruvananthapuram.
The District Treasuries / Sub Treasuries.
The Public Relations Department.
The Nodal Officer, www.finance.kerala.gov.in.
The State Administrator (PRISM), info.fin@kerala.gov.in.
Stock File/ Office Copy. [PEN-B1/12/2021-FIN (e-1753897)]

Forwarded/By order

**Accounts Officer**

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 17-08-2021

ഫയൽ നം. പെൻ-ബി1/12/2021-ധന.(ഇ-1753897). ഇനം നം: 190

വിഷയം : ധനകാര്യ വകുപ്പ് - ഹൈക്കോടതി ജീവനക്കാരുടെ പെൻഷൻ പരിഷ്ക രിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

JS (Pen)
AO (Pen A)
18/8/21

190

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | പെൻ-ബി1/12/2021 -ധന (ഇ-1753897) |
| 2 | വകുപ്പ് | ധനകാര്യ വകുപ്പ് |
| 3 | വിഷയം | ഹൈക്കോടതി ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 20/07/2021 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | ഉണ്ട് |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഫയൽ ധനകാര്യ വകുപ്പ് തന്നെയാണ് കൈകാര്യം ചെയ്യുന്നത് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. എ. ഷിബു |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. രാജേഷ് കുമാർ സിംഗ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 05/08/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 10/08/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.എൻ.ബാലഗോപാൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 12/08/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 13/08/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രി സഭായോഗത്തിനുള്ള കുറിപ്പ്

1) കേരള ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) 06/11/2019 തീയതിയിലെ സ.ഉ [കൈ] നം 414/2019/ധന പ്രകാരം കേരള സർക്കാർ പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചു. കേരള ഹൈക്കോടതിയിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിക്കുന്നത് സംബന്ധിച്ച ശമ്പള പരിഷ്കരണ റിപ്പോർട്ടിന്റെ രണ്ടാം ഭാഗം 2021 ഫെബ്രുവരിയിൽ കമ്മീഷൻ സർക്കാരിന് സമർപ്പിച്ചു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 26/02/2021 തീയതിയിലെ സ.ഉ [അച്ചടി] നം 29/2021/ ആഭ്യന്തരം, 26/03/2021 തീയതിയിലെ സ.ഉ [അച്ചടി] നം 33/2021/ ആഭ്യന്തരം എന്നീ ഉത്തരവുകൾ മുഖേന ഹൈക്കോടതി ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും 01/07/2019 തീയതി പ്രാബല്യത്തിൽ പരിഷ്കരിച്ചു. ഈ സാഹചര്യത്തിൽ 11 -ആം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശിപാർശ അനുസരിച്ച്, കേരള ഹൈക്കോടതിയിലെ വിരമിച്ച ജീവനക്കാരുടെ പെൻഷനും മറ്റ് പെൻഷൻ ആനുകല്യങ്ങളുടെയും പരിഷ്കരണം 01/07/2019 പ്രാബല്യത്തിൽ ചെയ്യേണ്ടതായുണ്ട് .

3) പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷന്റെ 'Recommendations on the Revision of Pay & Allowances and Pension of the Employees of the High Court of Kerala' എന്ന റിപ്പോർട്ടിലെ എട്ടാമത്തെ അദ്ധ്യായത്തിൽ താഴെ പറയുന്ന വിധം അഭിപ്രായപ്പെട്ടിട്ടുണ്ട്

> In Part-I of the Report of the Commission on salaries and pension of the State Government employees, the Commission has worked out financial commitment, which is inclusive of all the expenditure out of the Consolidated

Fund of the State for salaries and pension of employees who come under State scales of pay. This commitment is inclusive of the additional financial commitment on account of revision of pay and allowances of High Court employees also. Therefore, the financial commitment on account of revision of salaries and pension of High Court employees has not been worked out separately.

4) ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജീവനക്കാരെ അക്കൗണ്ടന്റ് ജനറലും [എ&ഇ], ട്രഷറി വകുപ്പും സംസ്ഥാന സർവീസ് പെൻഷൻകാരുടെ വിഭാഗത്തിലാണ് ഉൾപെടുത്തിയിരിക്കുന്നത്. ടി പെൻഷൻകാർക്ക് പ്രത്യേകമായ ശീർഷകം അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ വിഭാഗം പെൻഷൻകാരുടെ വിവരങ്ങൾ ട്രഷറിയിൽ നിലവിൽ ലഭ്യമല്ല. എന്നാൽ സ്പാർക്കിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 01/07/2019 മുതൽ 31/07/2021 വരെ ഹൈക്കോടതിയിൽ നിന്നും വിരമിച്ച 143 ഫുൾ ടൈം ജീവനക്കാർക്കും 29 പാർട്ട് ടൈം ജീവനക്കാർക്കുമായി പെൻഷൻ ഇനത്തിൽ പ്രതിമാസം ഏകദേശം 14,06,740/- രൂപയും കുടിശ്ശിക ഇനത്തിൽ [ഒറ്റ തവണ] ഏകദേശം പത്ത് കോടി രൂപയും അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാവുന്നതാണ്.

5) പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർവീസ് പെൻഷൻകാരുടെ പെൻഷൻ ആനുകൂല്യങ്ങൾ 12/02/2021 തീയതിയിലെ സ.ഉ(അ) നമ്പർ. 30/2021/ധന, 23/02/2021 തീയതിയിലെ സ.ഉ (അ) നമ്പർ. 35/2021/ധന എന്നിവ പ്രകാരം പരിഷ്കരിച്ച വേളയിൽ ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കുമ്പോൾ ഉള്ള ബാധ്യത കൂടെ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാന സർവീസ് പെൻഷൻകാരുടെ പെൻഷൻ പരിഷ്കരിച്ച അതേ രീതിയിൽ തന്നെ ചുവടെ പറയുന്ന വ്യവസ്ഥകൾക്കനുസൃതമായി കേരള ഹൈക്കോടതിയിലെ വിരമിച്ച ജീവനക്കാരുടെ പെൻഷനും

പരിഷ്കരിക്കാവുന്നതാണ്.

- 12/02/2021 തീയതിയിലെ സ.ഉ [അച്ചടി] നം 30/2021/ധന, 23/02/2021 തീയതിയിലെ സ.ഉ [അച്ചടി] നം 35/2021/ധന എന്നീ ഉത്തരവുകൾ പ്രകാരം പെൻഷൻ പരിഷ്കരിക്കാവുന്നതും, 19/03/2021 തീയതിയിലെ പരിപത്രം നം. 27/2021/ധന, 27/03/2021 തീയതിയിലെ പരിപത്രം നം. 30/2021/ധന, 02/07/2021 തീയതിയിലെ പരിപത്രം നം. 50/2021/ധന, 19/07/2021 തീയതിയിലെ പരിപത്രം നം. 57/2021/ധന എന്നീ പരിപത്രങ്ങളിലെ വ്യവസ്ഥകൾ ബാധകം ആക്കാവുന്നതുമാണ്.
- 01/07/2019 തീയതിക്ക് മുൻപുള്ള പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവർക്ക് പെൻഷൻ/ കുടുംബപെൻഷൻ പരിഷ്കരിക്കുന്നതിനാലുള്ള കുടിശ്ശിക 25 ശതമാനം വീതം നാല് തവണകളായി സെപ്റ്റംബർ 2021, ഒക്ടോബർ 2021, നവംബർ 2021, ഡിസംബർ 2021 എന്നീ മാസങ്ങളിൽ പണമായി അനുവദിക്കാവുന്നതാണ്.
- 01/07/2019-നോ അതിനുശേഷമോ വിരമിച്ചവരുടെ, പെൻഷൻ/ കുടുംബപെൻഷൻ/ ഡി.സി.ആർ.ജി/ ടെർമിനൽ സറണ്ടർ കുടിശ്ശിക എന്നിവ മുകളിൽ പറഞ്ഞ രീതിയിൽ വിതരണം ചെയ്യാവുന്നതാണ്. കമ്മ്യൂട്ടേഷൻ കുടിശ്ശിക ഒറ്റത്തവണയായി 01/01/2022 ന് പണമായി വിതരണം ചെയ്യാവുന്നതാണ്.
- അർഹതപ്പെട്ട പെൻഷൻ/ കുടുംബപെൻഷൻ/ ഡി.സി.ആർ.ജി/ ടെർമിനൽ സറണ്ടർ എന്നിവ പരിഷ്കരിച്ചതിന്റെ മുഴുവൻ കുടിശ്ശികയും സ്വീകരിക്കാതെ പെൻഷനർ/ കുടുംബപെൻഷനർ മരണപ്പെടുന്ന സാഹചര്യങ്ങളിൽ പ്രസ്തുത കുടിശ്ശിക മരണ തീയതിയിൽ പെൻഷനറുടെ /കുടുംബപെൻഷനറുടെ നോമിനി/നിയമപരമായ അവകാശികൾക്ക് ഒറ്റത്തവണയായി നൽകും.
- പെൻഷൻ പരിഷ്കരിക്കുന്നത് വഴി എന്തെങ്കിലും അധിക തുക ലഭിക്കുന്ന പക്ഷം ഡി.സി.ആർ.ജി-യുടെ ബാലൻസ്, പെൻഷന്റെ കുടിശ്ശിക, ക്ഷാമാശ്വാസ

കുടിശ്ശിക, ഭാവിയിലെ ക്ഷാമാശ്വാസം എന്നിവയിൽ നിന്ന് ഈടാക്കുന്നതായിരിക്കും.

- 01/04/2021 മുതൽ 01/08/2021 വരെയുള്ള മെഡിക്കൽ അലവൻസ്, സ്പെഷ്യൽ കെയർ അലവൻസ് എന്നിവയുടെ കുടിശിക സെപ്റ്റംബർ 2021 മാസത്തെ പെൻഷനോടൊപ്പം നൽകാവുന്നതാണ്.

6) കേരള ഹൈക്കോടതിയിലെ വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരിക്കുന്ന വിഷയം ബഹു.മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

കേരള ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ മുൻ ഖണ്ഡിക 5-ൽ പറഞ്ഞ വ്യവസ്ഥകൾക്കനുസരിച്ച് പരിഷ്കരിക്കാമോ?